# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 634

12.07.2012 ൽ മറുപടിയ്ക്ക്

## സഹകരണ കാർഷിക വായ്പാവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ കാർഷിക വായ്പാവിതരണ മേഖലയിൽ നിലവിലുള്ള ത്രിതല സംവിധാനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടില്ല. |
| (ബി) റിസർവ് ബാങ്കിന്റെ വാർഷിക വായ്പാ അവലോകന റിപ്പോർട്ടിൽ ഇത് സംബന്ധിച്ച നിർദ്ദേശം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) പരിശോധിച്ചിട്ടുണ്ട്.<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2012-13 ലെ വാർഷിക അവലോകന നയത്തിൽ ഗ്രാമീണ സഹകരണ വായ്പാ ഘടനയെയും സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുന്നതിനും, ഘടനാപരമായ തടസ്സങ്ങളെപ്പറ്റി പരിശോധിക്കുന്നതിനും, കുറഞ്ഞ ചെലവിൽ വായ്പ നൽകുന്നതിനും, നിലവിലുള്ള ത്രിതല സംവിധാനത്തിനുപകരം, ദ്വിതല സംവിധാനം നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെപ്പറ്റി വിശദമായി പഠിക്കുന്നതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനും നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ